(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ വള്ളംകളി മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള രീതിയിൽ അംബേദ്കർ വള്ളത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ജില്ലാ കളക്ടറിൽ നിന്നും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 8-7-2005-ന് പട്ടികജാതി വികസന വകുപ്പിനു ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി

115 [2282] ശ്രീ. ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മിശ്ര വിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങളിൽ 22-3-2005-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മിശ്രവിവാഹിതരുടെ പൊതു സ്ഥലം മാറ്റം, അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഉദ്യോഗ സംവരണം എന്നിവയിൽ മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലോ പിന്നോക്ക സമുദായത്തിലോ ഉൾപ്പെട്ടയാളാണെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതാണെന്ന സംസ്ഥാന സർക്കാരിന്റെ 1979 ഏപ്രിൽ 24-ലെ ഉത്തരവ് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്നും ഭേദഗതി എന്താണെന്നും വെളിപ്പെടുത്താമോ;

(സി) അവിവാഹിതകളായ ആദിവാസി അമ്മമാരുടെയും പട്ടികജാതി അമ്മമാരുടെയും മക്കൾക്ക് സംവരണാനുകൂല്യം നൽകുന്ന കാര്യത്തിൽ അനുകൂലമായ ഉത്തരവ് പുറപ്പെടുവിക്കാമോ?

ഉത്തരം

(എ) 25-1-1996-ലെ സർക്കാർ ഉത്തരവ് നമ്പർ 11/77/ഡി. ഡി. ഭരണഘടനാപരമായി സാധുതയില്ലാത്തതിനാൽ റദ്ദാക്കി.

(ബി) പട്ടിക വിഭാഗക്കാർക്കുള്ള സംവരണം നൽകുന്നതിൽ മാത്രമാണ് ഭേദഗതി വരുത്തിയിട്ടുള്ളത്.

(സി) അവിവാഹിതരായ പട്ടികജാതി അമ്മമാരുടെ മക്കളുടെ ജാതി ആ കേസിന്റെ മെറിറ്റ് പരിശോധിച്ച് മാതാവിന്റെ ജാതിയായിത്തന്നെ കണക്കാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly